

# കുട്ടിപ്പട്ടം

DIGITAL MAGAZINE

2018-'19

## CHERURAL HIGHER SECONDARY SCHOOL

### KURUMBATHUR

Editorial Board

Student Editor : Saniha.C

Lay out & Design: Ridha A

Art Co-ordinator: Sreekanth

Photo Editor : Ashiq Rasool

Guided by
Rafeeque.M
SITC



# ROLE OF SCHOOL MAGAZINES...

Books are our best friends. our companions may some times refuse to help us, they may not to be in a position to help us either because of illness or because of some other help disabilities. Books are always ready to come for our help. If we have books with us. We can never feel board or lonely. If the book is a novel. We feel that the characters are our companions. Sitting in our own room, we can go round the word or journey in to the past. If we possess a book of that kind. Thus we can say reading a book is often a journey through space and time. But its very sad that the reading habit was away from us. It is due to the intervention of modern facilities. School magazines are useful in many ways. Students of Indian schools and colleges suffer from a serious drawback. Most of them do not go out of their prescribed textbooks and pass examinations by cramming. The habit of reading nothing outside text and getting what is there by heart, do not help one to acquire real knowledge and stand in the way of original thinking. Which is an essential factor in education. School magazines by offering scope for students to write various types of articles, essay, poems, feelings. Their articles will be read by many peoples.

School magazines are a great chance for all the students. It helps to develop the thinking and creative abilities in students . In this way they try to solve their mistakes and reach the top of writing . We can say that for creating a better or a good writer . The role of magazine is great.

Saniha A.P
Chief Editor
9B

I am not a handsome guy,
but I can give my hand-to-some
one who needs help
-*APJ ABDHUL KALAM*

# വൃദ്ധസദനകാഴ്ചകൾ

പുലർച്ചെ വരാമെന്ന് പറഞ്ഞു പോയ
മക്കളെയും കാത്തിരിപ്പുണ്ട്
സന്ധ്യയായിട്ടും ഗേറ്റിന് പിറകിൽ
വക്കുപൊട്ടിയ രണ്ട് കണ്ണടകൾ
പൂമുകത്ത് തളർന്ന കിടപ്പുണ്ട്
പ്രതീക്ഷകളറ്റുപോയ ഒരു ചാരു കസേര
വരാന്തയിൽ ഉലാത്തുന്നുണ്ട്
നടുവളഞ്ഞുപോയൊരു ഊന്നുവടി
ഉമ്മറപ്പടിയിലിരുന്ന് പിറുപിറുക്കുന്നുണ്ട്
പല്ലുരപോയൊരു വെറ്റിലചെല്ലം
ജാലകപ്പടിയിലിരുന്ന് നാമം ജപിക്കുന്നുണ്ട്
ചരടുപൊട്ടിപ്പോയ ഒരു ജപമാല
അകത്തെ ഇരുട്ടിൽ കണ്ണീർ വാർക്കുന്നുണ്ട്
നട്ടെല്ല് തകർന്ന ഒരു വാട്ടർ ബെഡ്ഡ്
പുറത്തെ അയലിൽ കഴുകിയിട്ടുണ്ട്
നീലാമുക്കി കറപിടിച്ച പ്രതാപങ്ങൾ
ചുമച്ചു തുപ്പിയ ജീവിതം പോലെ
കട്ടിലിനടിയിൽ ഇരിപ്പുണ്ട്
നിറം മങ്ങി കോടിയ കോളാമ്പികൾ
പുറത്തെ ആകാശം നോക്കി
നെടുവീർപ്പിടുന്നുണ്ട്
പ്രകാശമറ്റുപോയ പ്രതീക്ഷകൾ



-RIDHA.A
9A

# കരകവിഞ്ഞു കേരളം,,നിറഞ്ഞൊഴുകി കണ്ണുകൾ




2018 എന്ന വർഷത്തിൽ

ഓർക്കാൻ ഒന്നുമില്ലെങ്കിൽ ജനമനസ്സുകളിലേക്ക് പേടിസമ്മാനിച്ച ചില ഭീകര നിമിഷങ്ങളുണ്ട്. 2018 ലെ പ്രളയം. 1924 ൽ 94 വർഷങ്ങൾക്കു ശേഷം വീണ്ടും കേരളം പ്രളയത്തെ ഏറ്റുമുട്ടി.

പലപ്പോഴും ജനങ്ങൾ നേരിടേണ്ടിവരുന്ന ഒന്നാണ് ദുരന്തങ്ങൾ. ഭൂമിശാസ്ത്ര പരമായ കിടപ്പും ഭൗമശാസ്ത്രപരമായ രൂപപ്പെടലും മൂലം ഇന്ത്യക്ക് ദുരന്തങ്ങൾക്ക് പാത്രമാവാനുള്ള  സാധ്യത കൂടുതലാണ്. അതിന്റെ നീണ്ട തീരവും മഞ്ഞുപുതച്ച കൊടുമുടികളും ഉയർന്ന മലനിരകളും സുസ്ഥിരമായ വടക്കൻ നദികളും ഒക്കെ ചേർന്ന് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായിരിക്കുന്നു. ആകെ ഭൗമ വിസ്തീർണ്ണത്തിന്റെ 2%ആണ് ഇന്ത്യയെങ്കിൽ അത് ആകെ ജനസംഖ്യയുടെ 18%വഹിക്കുന്നു.അത് കൊണ്ട് തന്നെ പ്രകൃതി വിഭവങ്ങൾക്കുമേലുള്ള സമ്മർദം കൂടുതലാണ്.ഇത് നേരിട്ടോ അല്ലാതയോ വെള്ളപ്പൊക്കം,വരൾച്ച,മണ്ണിടിച്ചിൽ,ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങൾക്ക് വഴി വെക്കുന്നു.അതിന് ഏറ്റവും വലിയ ഉദാഹരണമായിക്കൊണ്ടിരിക്കുകയാണ് ഇന്ത്യലെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഹങ്കരികരിക്കുന്ന കേരളത്തിലെ മലയാളികളുടെ അവസ്ഥ. ഇന്ത്യയിലെ സംസ്ഥാനങ്ങളെ അടിസ്ഥാനമാക്കുമ്പാൾ നമ്മൾ മലയാളികൾ ദൈവത്തിന്റെ അനുഗ്രഹങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവരാണ്. ജീവജാലങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത, ജീവജാലത്തിന്റെ കലവറ, എന്നിങ്ങനെ ധാരാളം

അനുഗ്രഹങ്ങളാണ് നമ്മുടെ കൊച്ചുകേരളം.ദുരന്തം എന്ന പേര് കേൾക്കുമ്പോൾ തന്നെ ജനമനസ്സുകളിലേക്ക് ഓടിവരുന്നത് പ്രളയം എന്ന് ഓമനപേരിട്ടു വിളിക്കുന്ന കേരളജനതയെ നെഞ്ചിടിപ്പിച്ച 2018 പ്രളയനിമിഷങ്ങളാണ്.100 കണക്കിനാളുകളുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും കീഴ്മേൽമറിച്ച ഒന്നാണ് പ്രളയം.പ്രളയത്തിൽ വീടും സകല സൗഭാഗ്യങ്ങളും നഷ്ടപെട്ടവർ ഏറെയാണ്.കിടക്കാൻ കിടപ്പാടമില്ലാത്ത സാധുജനങ്ങൾ,അനാഥരായ കുട്ടികൾ.... ഓർക്കുമ്പോൾ തന്നെ കണ്ണിൽ നിന്ന് കണ്ണീർ വരാത്ത ആളുകൾ ഉണ്ടാവില്ല. എത്ര ഭീകരമായ നിമിഷങ്ങൾ..! ആകാശത്തിലെ മേഘങ്ങളുടെ തിളക്കം നഷ്ടമായി.. എങ്ങും ഇരുണ്ട കാർമേഘങ്ങൾ...കേരള ഭൂമിയിൽ മഴ ഇറങ്ങാൻ തുടങ്ങി.. സന്തോശത്തിന്റെയും ആഹ്ലാദത്തിന്റെയും പ്രതികമായ മഴ എത്ര പെട്ടന്നാണ് സങ്കടത്തിന്റെയും കണ്ണീരിന്റെയും പ്രതീകമായിമാറിയത്...ഈ നിമിഷങ്ങളിൽ നിന്നും  ദൈവം നമ്മെ കരകയറ്റി. പണക്കാർ, പാവപ്പെട്ടവൻ എന്ന വിത്യാസമില്ലാതെ ഒത്തൊരുമിച്ച്  ഒരു നേരത്തെ ഭക്ഷണത്തിനായി  കൈനീട്ടി ആ ക്യാമ്പിൽ തിങ്ങി പാർത്തു.എങ്ങും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും... ഗണ്യമായി വർധിച്ചു വരുന്ന മഴ.. പുഴകളും റോഡുകളും നശിക്കുന്ന അവസ്ഥ.. ഇത്രയും വെള്ളം ിവിടെ നിന്ന് എന്ന് ആർക്കും ഉത്തരമില്ല. ശക്തമായ മഴയുണ്ട് അതിനനുസരിച്ച് ഡാമുകളുടെ ഷട്ടറുകളും തുറന്നു എന്നിട്ടും വെള്ളം കുറയുന്നില്ല. ഒരു ഭീകരാവസ്ഥതന്നെ.

ദുരന്തങ്ങൾക്ക് രണ്ട് കാരണമുണ്ട്. പ്രകൃതി സഹജമായ കാരണം, മനുഷ്യ സഹജമായ കാരണം. പ്രകൃതിയാൽ ഉള്ള കാരണം നമുക്ക് തടയാനാവില്ല. എന്നാൽ മനുഷ്യ സഹജമായ കാരണങ്ങൾ നമുക്ക് നിയന്ത്രിക്കാനാവും......

# പുള്ളിപ്പശു....

ഞങ്ങൾക്കെല്ലാം പാലുതരുന്നൊരു
പുള്ളിപ്പശുവുണ്ടെൻ വീട്ടിൽ
പുല്ലൊരുകൊടിയകത്താക്കീടും
വെള്ളമൊരുളി കുടിച്ചീടും
ഒരു തുറുവൈക്കോൽ തിന്നും,മുക്കാൽ
പ്പറയോളം പാൽ നൽകീടും
തിരുവോണത്തിനെല്ലാം കൊല്ലവു
മുരുളക്കൊടുക്കാറുണ്ടച്ചൻ
തിരുവാതിര വന്നാലോ നൽകും
ചറുവഴമൊരുകുലയമ്മച്ചി
കുട്ടിയെ യെന്തൊരിഷ്ടം പയ്യിനു
നക്കിത്തോർത്തീടുമുടലെന്നും

റമീസ ഷിറിൻ ടീ കെ
9th E

മറ്റുള്ളവർ നിങ്ങൾക്ക് നേരെ കല്ലെറിയുന്നെങ്കിൽ നിങ്ങൾ അവയെ നാഴിക കല്ലുകളാക്കുക.
(സച്ചിൻ തെൻഡുൽക്കർ)

## TIME

There is no great teacher than time
It teaches us every day, every moment
about value of life and our living
For passing life's tests and
Learning the value of time.

The finest workers in stone are not
Copper or steel tools, but the gentle
Touches of air and water working at their
Leisure with a liberal allowance of time

We all have our time machines
Some take us back they're called memories
Some take us forward, they're called dreams
We may delay, but time will not.......
Fidha

കഥ

# വിശപ്പ്

ഒരിടത്ത് അഗാധജ്ഞാനം നേടിയ ഒരു ബൗദ്ധമുനി ജീവിച്ചിരുന്നു. ധന്യമായ ശിഷ്യസമ്പത്തും അദ്ദേഹത്തിനുണ്ടായിരുന്നു. അവർ പല നാട്ടുകളിലും അലഞ്ഞുനടക്കുകയും അവിടത്തെ ജനങ്ങൾക്ക് ധർമതത്വങ്ങൾ ഉപദേശിച്ചു കൊടുക്കുകയും ചെയ്തു. ശ്രവണ മധുരവും ാലോചനാമൃതവുമായ ആ ഉദ്ബോധനങ്ങൾ എണ്ണമറ്റ അനുയായികളെ ആകർഷിച്ചു.അവരുടെ സ്വാധീനത്തിൽപ്പെട്ട് പല ധനികരും സുഖഭോഗങ്ങൾ വെടിഞ്ഞ് ആശ്രമ ജീവിതം സ്വീകരിച്ചു.

ഒരു ദിവസം മുനി തങ്ങളുടെ ഗ്രാമത്തിലെത്തിയ വിവരം ഒരു ദരിദ്ര കർഷകൻ അറിഞ്ഞു. വൈകീട്ട് തെരുവോരത്ത് നടക്കുന്ന പ്രഭാഷണം കേൾക്കണമെന്ന് അയാൾക്ക് മോഹമുണ്ടായി.മരവുരിയിൽ ചമ്രം പടിഞ്ഞിരുന്ന് തത്വദ്ബോധനം നടത്തുന്ന തേജസ്വിയായ മുനിയെ കർഷകൻ കണ്ണുനിറയെ കണ്ടു.അടുത്ത നിമിഷം മുനിയുടെ കണ്ണുകൾ അയാളുടെ നേരെ പതിഞ്ഞു. ജ്ഞാനിയായ മുനി ശ്രേഷ്ഠൻ നിസ്സാരനായ തന്നെ ശ്രദ്ധിക്കുകയോ? കർഷകന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു തുളുമ്പി.പെട്ടെന്ന് അദ്ദേഹം പ്രഭാഷണം നിറുത്തി. കർഷകനെ അടുത്തേക്ക് വിളിച്ചു."സ്വാമീ"അയാൾ മുനിയുടെ മുന്നിലെത്തി തൊഴുതു നിന്നു. "മകനേ, നിന്റെ മുഖം വല്ലാതെ വിളറിയിരിക്കുന്നല്ലോ.കഠിനമായ ജോലി കഴിഞ്ഞ് വെറും വയറോടെയാണ് പ്രഭാഷണം കേൾക്കാൻ വന്നിരിക്കുന്നതല്ലേ?" മുനിചോദിച്ചു. കർഷകൻ ഒന്നും പറയാതെ തല താഴ്ത്തി നിന്നു. "എങ്കിൽ പോയി എന്തെങ്കിലും കഴിച്ചു വരൂ" ഇതും പറഞ്ഞ് മുനി ശിഷ്യന്മാരെ വിളിച്ച് കർഷകനു വയറു നിറയെ ഭക്ഷണം കൊടുക്കാൻ ഏർപ്പാടാക്കി. അയാൾ ഭക്ഷണം കഴിച്ച് തിരിച്ചെത്തും വരെ മുനി മൗനമായിരുന്നതേയുള്ളൂ.വയറു നിറഞ്ഞ് ,കൈയും മുഖവും കഴുകി,അയാൾ ആൾക്കൂട്ടത്തിനിടയിൽ വന്നിരുന്നതും മുനി ഇങ്ങനെ പറയാൻ തുടങ്ങി "മാന്യരേ വിശപ്പാണ് ഏറ്റവും ദുസ്സഹമായ അവസ്ഥ.വിശന്നിരിക്കുന്നവരോട് ധർമ്മമോതുന്നതിലും നല്ലതായി മറ്റൊന്നില്ല.”

തുടർന്ന് അദ്ദേഹം പ്രഭാഷണത്തിലേക്ക് കടന്നു. തന്റെ പരമ ഭാഗ്യമോർത്ത് കർഷകന്റെ കണ്ണുനിറഞ്ഞു.

***സഫ്ന എം***
*9th E*

# നെറ്റിൽ കണ്ടതെല്ലാം പൊന്നല്ല

ഇപ്പോൾ എല്ലാവരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടല്ലോ. കൂടുതലും സ്മാർട്ട് ഫോണാണ്. സ്മാർട്ട് ഫോൺ ചെറിയൊരു കമ്പ്യൂട്ടറാണ്. അതിൽ ഇന്റർനെറ്റും കിട്ടും.അതുപയോഗിച്ച് സിനിമ കാണാം. പാട്ട് കേൾക്കാം. ദൂരയുള്ളവരെപ്പോലും കണ്ടുകൊണ്ട് സംസാരിക്കാം.വാർത്തകൾ അറിയാം. സന്ദേശങ്ങളും ചിത്രങ്ങളും കൈമാറാം. ബസ്സിന്റെയും തീവണ്ടിയുടെയും ടിക്കറ്റുകൾ എടുക്കാം. സൗഹൃദസംഘങ്ങളിൽ അംഗമാകാം. വസ്തുക്കൾ വാങ്ങാം,വിൽക്കാം. ബാങ്കിടപാടുകൾ നടത്താം. ഇന്റർനെറ്റ് എത്രയോ ഉപകാരപ്രദമായ സംവിധാനമാണ്.

വിവരങ്ങളുടെ കലവറയാണ് ഇന്റർനെറ്റ്. പഠിക്കാനും ഗവേഷണം നടത്താനുമെല്ലാം ഇന്റർനെറ്റ് സഹായിക്കും. എന്നാൽ അതിൽ നിന്നു ലഭിക്കുന്ന വിവരങ്ങളെല്ലാം ശരിയാവണമെന്നില്ല.

വാട്സപ്പിലോ ഇൻസ്റ്റഗ്രാമിലോ ഫെയ്സ്ബുക്കിലോ കൈമാറിക്കിട്ടുന്ന വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് ഉറപ്പാക്കാതെ സ്വീകരിക്കരുത്.

NASIHA .C

## School Life

Most Irritating sound
Most honorable moment
Morning Alarm........
Receiving papers.......
Most Shivering Experience
Most wonderful news
Cool bath......
the teachers are absent.
Most busiset work.....
Most hopeful tune
To find socks.....
the last bell .
Most dreadfull journey
Its ring always in the mind
Way to school .
Like an ever lasting school life .
Most lovely moments
meeting friends.....
Most tragic moment
Mathematics test......

## NEW GENERATION TEACHERS AND THEIR ROLE IN THE CHANGING WORLD ....

Among all professions in the world
teaching is the noblest one .It is the worlds oldest professions as well .
Teachers should be realize that the work they are doing is the noblest .
Teachers is a brand name that has remained synonym for many
words like belief,trust ,efficiency ,dedication,hard work,readability and so on.....

ramsheena .e

## അകലെ ഒഴുകുന്ന കനവ്

മനസ്സായി ഒഴുകുന്ന പൂവിൻ കവിതയെ
കനവായ് മാറ്റുന്ന പൂവണ്ട്
കരഞ്ഞുകൊണ്ടിരിക്കുന്ന കടലിൻ
തിരകളെ ഗാനമായ് കരുതുന്നു
ഈ വാനം
അരുവിയെന്ന അതിമോഹം
അറിയാതെ കടലിന്റെ തിരകളെ ശക്തമാക്കി
കരളിനെ വീഴ്ത്തുന്ന ശലഭത്തെ
പോലെ നീ എന്റെ മനസ്സിന്റെ
കവിതയെ പിടിച്ചടക്കി
ഇനി എന്തിനാണ് നീ എന്റെ ഹൃദയത്തിൽ
പറവയായ് പറന്നൊഴുകുന്നതകലെ
ഇനിയും വിരിയാത്ത ആഗ്രഹമാകുന്നു
ലോകത്ത് ഞാൻ ഏകനാണ്

# മരണം

മരണം വരും ചാരെ.....
മാറാൻ വഴി ഇല്ലാ... േവറെ...
അനുവാദം േചാദിക്കില്ല....
അവധിയും നീട്ടുകയില്ല...
ഇക്കാണും സൗഭാഗ്യങ്ങൾ
ഓക്കെ െപാലിഞ്ഞു േപാകും..
പ്രിയ മക്കള് യത്തീമാകും..
പ്രിയ പതി വിധവയാകും..
മല്ലും മസിലും കാട്ടി
വില്ലത്തരങ്ങൾ കാട്ടി..
ഞാനന്നഹങ്കരിച്ച
മരണത്തെ വിസമരിച്ച
പെട്ടന്ന് വന്ന് പോകും..
ആട്ടം നിലച്ച പോകും.
നിർജീവ വസ്തുവായി....
നിവർന്ന് കിടന്ന് പോകും.......

Ashmida Lubin.
9-B

## ചിരിക്കുടുക്ക

എപ്പോഴും ചിരിച്ചുകൊണ്ടേ ഇരിക്കുന്ന ഒരു സഹപാഠി സ്കൂളിൽ എനിക്കുണ്ടായിരുന്നു. ക്ലാസിൽ ചിലപ്പോൾ ഓർക്കാപ്പുറത്താണ് പൊട്ടിച്ചിരിക്കുക. ഇയാൾ തങ്ങളെ പരിഹസിച്ചാണ് ചിരിക്കുന്നതെന്ന് ചിലർക്കു തോന്നി. ഭീഷണിപ്പെടുത്തിയിട്ടും പിച്ചിയിട്ടും നുള്ളിയിട്ടും ഒന്നും ചിരിക്കു പക്ഷെ കുറവുണ്ടായില്ല. അവസാനം അവർ സാറിനോട് ചെന്ന് പരാതി പറഞ്ഞു. സാർ ആ ചിരിക്കാരൻ ചങ്ങാതിയെ മേശയ്ക്കരികെ വിളിച്ചുനിർത്തി ചോദിച്ചു: നീ എപ്പോഴുമിങ്ങനെ ചിരിക്കാൻ എന്താ കാര്യം? അവൻ ചിരിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത് വെറുതെ സർ
ആരെയെങ്കിലും പരിഹസിച്ചാണോ നീ ചിരിക്കുന്നത്?അതെ സർ പിന്നെ ചൂരലോങ്ങിയാണ്
സാർ ചോദിച്ചത്, ആരെ,ഇവയെയോ? അല്ല സർ .ഞാൻ കളിയാക്കുന്നത് എന്നെത്തന്നെയാണ് സാർ.
എന്റെ ഓരോ മണ്ടത്തരവും ഓർക്കുമ്പോൾ എനിക്ക് ചിരിക്കാതെ വയ്യ സർ എന്തു മണ്ടത്തരം?
അവർ പെട്ടെന്നു ചിരിച്ചു. ഇതാ സർ എപ്പോഴുമിങ്ങനെ ചിരിക്കുന്നതുതന്നെ ഒരു മണ്ടത്തരം
അതുകേട്ട് സാർ ചിരിച്ചു ക്ലാസിൽ എല്ലാവരും ചിരിച്ചു.
ചിരിയോടുചിരിയായി. സാർ അവന് ചിരിക്കുടുക്ക എന്ന് പേരിട്ടു.

സഫ്ന എം
9th E

## സ്നേഹം....

ആദ്യമായ് അറിഞ്ഞത്
പത്ത് മാസം ഗർഭപാത്ര-
ത്തിൽ ചുമന്ന് നൊന്തു
പെറ്റ എൻ അമ്മതൻ
നിസ്സ്വാർത്ഥ സ്നേഹം....

പിന്നീടറിഞ്ഞു അമ്മതൻ
ഗർഭപാത്രത്തിന്റെ ഞാനെന്ന
ജീവനെ നൽകിയ
പിതാവിന്റെ സ്നേഹം....

തുടർന്നുള്ള യാത്രയിൽ
അറിഞ്ഞു ഞാൻ അമ്മതൻ
ഗർഭപാത്രത്തിന് അവകാശി-
യായ ഒരു കൂടപിറപ്പിൻ സ്നേഹം....

ബാല്യത്തിലറിഞ്ഞു ഞാൻ
ബാല്യചാപല്യങ്ങളുള്ള
കൂട്ടുകാരുടെ നിശ്കളങ്ക സ്നേഹം....

യൗവ്വനത്തിന്റെ തീച്ചൂളയിൽ
ഞാൻ എരിഞ്ഞടങ്ങുമ്പോൾ
ഞാൻ അറിയുന്നു സ്നേഹത്തിൻ
മുഖം പലതാണെന്ന്....

വാത്സല്യമായ്,പ്രണയമായ്....
സ്നേഹം ഒരു നദിപോലെയാണ്
ഇത്ര ഭാഗം വാത്സല്യവും,ഇത്ര ഭാഗം പ്രണയം
ഇത്ര സൗഹൃതം എന്നു വേർത്തിരിക്കാൻ പറ്റില്ല
അതുകൊണ്ടല്ലേ സ്നേഹത്തിനിത്ര ഭംഗി.

-FEBINA
9A

## THE LOVELY GARDEN MY HEART

Hey just look at the garden
How beautiful it is.....?
Lot of flowers blossom here
Like my beating heart of feeling
Hey rose you are the prince of this garden
with your colourful shades
I like to become your queen
Yeh! The love which is the meaning of heart
Hey lilly your petals are like drop of tear,
You are really the emotion of my heart
to flow out my sorrows
Hey white girl jasmine
You are the peace of my heart.

Fida Sherin.P
9-B

## പൂവ്

പൂവിനെപ്പോലെ എൻ ജീവനും ഭൂമിയിൽ
പെട്ടൊന്ന് പൊട്ടി മുളച്ചതല്ല
കാലത്തിൻപോക്കുപോൽ എൻ ജീവമൊട്ടുകൾ
പൂമൊട്ടുപോലിന്നു ചേർന്നിരുന്നു
ഏകപ്രഭാതത്തിൽ നിൽക്കുന്നു
ഞാനിന്ന് പുഷ്പപ്രകാശത്തിൽ
സ്തംഭനായി
ഈ ജീവസ്തംഭനം നിർത്താൻ
കഴിക്കുമോ ഭൂമിതൻ അന്ത്യ പ്രഭാതം
വരെ ഇല്ലെങ്കിൽ കേണു ഞാൻ
നിൽക്കുന്നുശൂന്യ പ്രപഞ്ചത്തിൽ
ഏകനായി

-ശ്രീകാന്ത്.എ

## വിട....

വിട,
കൈ കോർത്ത് നാം പങ്കിട്ട
സൗഹൃദത്തിന്റെ നിറം മങ്ങാത്ത സ്വപ്നങ്ങൾക്ക്..
ചിത്ര ശലഭങ്ങളായി പാറി പറന്ന
പോയ കാലത്തിന്റെ ഓർമകൾക്ക്
ചെളി പുരളാതെ തളരാതെ നാമൊന്നായി
നന്മകൾ പങ്കിട്ട വിദ്യാലയത്തിലെ
സ്മരണകൾക്ക്...

കൗതുകം തോന്നുന്ന ദൃശ്യവിരുന്നേകാൻ
നന്മയെന്നും കാത്തു നിന്ന ഈ പൂന്തോട്ടത്തിൻ

അജ്ഞതയാം അന്ധകാരത്തിൽ
അറിവിൻ വെട്ടം വിതറിയ ഗുരുനാഥൻമാർക്ക്...
കൊച്ചുകൊച്ചു പിണക്കങ്ങൾ പങ്കിട്ട
ഈ വിദ്യാലയത്തിൻ ഇട നാഴികൾക്ക്
കാലമായ്..വേർ പിരിയുവാൻ
ഇനിയില്ലാ...ഏറ്റെദൂരം ഇവിടെ എങ്കിലും
അടരുവാൻ വയ്യെനിക്കിവിടെ നിന്ന്
ആത്മാവ് പിന്നെയും തേങ്ങി പറയുന്നു
മായുന്ന ദിവസങ്ങൾ മടങ്ങി വരില്ലെങ്കിലും
ഓർമ്മതൻ മനസ്സുമായി യാത്ര തുടരട്ടെ ഞാൻ
കറയറ്റ സ്നേഹ സൗഹൃദങ്ങളെ ഒരിക്കൽ കൂടി
ഹൃദയം പിളർന്ന് ഞാൻ പറയുന്നു.. വിട..........

NIDHA V.P


## അഞ്ചു വിരലുകളുടെ തർക്കം...

ഒരിക്കൽ ഒരു കയ്യിലെ അഞ്ച് വിരലുകൾ തമ്മിൽ തർക്കിച്ചു. അവരിൽ പ്രധാനി ആര് എന്നായിരുന്നു തർക്കം.തള്ളവിരൽ പറഞ്ഞു:'എന്തും എടുക്കാനും എഴുതാനും ഞാൻ വേണം'.ചൂണ്ടുവിരൽ വാദിച്ചു:'എന്തിനെയും ചൂണ്ടിക്കാണിക്കാനും ഒന്നാമത് എന്ന് സൂചിപ്പിക്കാനും ഞാൻ വേണം.' നടു വിരൽ പറഞ്ഞു:'നീളത്തിൽ ഞാനാണ് ഒന്നാമൻ,ജന്മനാ നേതാവ്.' അണി വിരൽ പറഞ്ഞു: 'വിവാഹ മോതിരം അണിയുന്നത് ഞാനാണ്, കുടുംബത്തിന്റെ കിരീടവും സ്നേഹത്തിന്റെ പ്രതീകവും ആണ് മോതിരം. 'ചെറു വിരൽ പറഞ്ഞു: 'ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്, കൈതൊഴുമ്പോൾ ഞാനാണ് മുമ്പിൽ നിൽക്കുന്ന നേതാവ്. 'അവസാനം കൈയ്യുടെ ഉടമസ്ഥൻ പറഞ്ഞു: 'നിങ്ങൾ എല്ലാവരും എനിക്ക് ഒരു പോലെ പ്രധാനവും പ്രിയങ്കരവും ആണ്. ഒറ്റക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്. എന്നാൽ ഒത്ത് ശ്രമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും'.....

## അഹങ്കാരിയായ റോസ് പൂവ്...

അമ്മുവിന്റെ വീട്ടിൽ ഒരു പൂന്തോട്ടമുണ്ടായിരുന്നു. അതിൽ വിവിധ വർണങ്ങളിലുള്ള ധാരാളം പൂക്കളുണ്ടായിരുന്നു. അതിൽ റോസ് പൂവിനെയായിരുന്നു അമ്മുവിന്കൂടുതലിഷ്ടം. അതിന് മറ്റു പൂക്കളേക്കാൾ വെള്ളവും വളവും അമ്മു ഒഴിച്ചു കൊടുക്കാറുണ്ടായിരുന്നു. അതോടെ റോസ് പൂവ് അഹങ്കാരിയായി മാറി. അത് എപ്പോഴും മറ്റു പൂക്കളെ കളിയാക്കും.ഒരു ദിവസം അമ്മുവിന്റെ കൂട്ടുകാരി അമ്മുവിന്റെ വീട്ടിൽ വന്നു. അവൾ പൂന്തോട്ടത്തിലെ റോസ് പൂവിന്മേൽ തൊട്ടു നോക്കി. അപ്പോൾ അവളുടെ കയ്യിൽ ഒരു മുള്ള് കുത്തി. അവൾ കരഞ്ഞുകൊണ്ടോടിപ്പോയി. അന്നുമുതൽ അമ്മുവിന് റോസ് പൂവിനോട് ദേഷ്യമായി. അതിന് തീരെ വെള്ളമൊഴിക്കാതെയായി. അതു വാടിപ്പോയി.മറ്റു പൂക്കൾക്ക് അമ്മു ധാരാളം വെള്ളം ഒഴിച്ചുകൊടുത്തു. അപ്പോൾ മറ്റു പൂക്കൾ റോസിനോട് പറയുന്നുണ്ടായിരുന്നു അഹങ്കാരത്തിന്റെ ഫലം ഇതുതന്നെയായിരിക്കും.

അസ്ന .എം



## SHADOW

I don't know who it was.
It was every time with me
When I walk,
It was behind me

When I cry ,
It will cry with me.
When I smile ,
It will smile with me.

It fear darkness ,
So it will disappear in night.
It iove lightness,
So it will appear in light.

I don't know who it was,
but I found who it was.
IT WAS MY SHADOW'

Jumana vafira .N.T
9-B

## അറിവിനായ്....

പുലരിയിൽ വിരിയുന്ന പൂവിനെയും
രാവിൽ വന്നെത്തും പൂനിലാവും
ഉച്ച മയക്കത്തിലെൻ കിനാവും
എന്തിനെന്നറിയുവാനാ നാൾ നിൽക്കേ
ഓതുന്നു കണ്മണിയമ്മയോടും
ഇല്ല,മകനേ നിനക്കല്ലാതെ
ഓടി നടന്നു കളിച്ച മണ്ണിൽ
വാടി പുതക്കും വെയിൽ നാളം പോൽ
തളിരില പോലും തിളങ്ങിടുന്ന
മഞ്ഞിൽ വിരിയുന്ന രാവിനെയും
പൂങ്കുയിൽ പാടുന്ന പാട്ടിനെയും
പൂഞ്ചിറക് വിടർത്തുന്ന മാമയിലും
വിസ്തരിച്ചോദുന്ന അമ്മയപ്പോൾ
ഈ പ്രപഞ്ചത്തിലെഴുതിയാൽ
തീരാത്ത തോരേടാണു മകനേ
കുഞ്ഞു മനസ്സിനാൽ തീർക്കുന്ന സ്വപ്നങ്ങൾ
അത്ര മേലാദ്രത വേറെയെന്ത് ?
അറിവിൽ നിലാവായ ഈ ലോകമത്രയും
കാണാൻ കഴിഞ്ഞെങ്കിലെൻ മകനേ
അവിടെ നാം പണിതിടും ശാന്തിതെൻ മന്ദിരം
പുകയുന്ന നീറുന്ന ചിന്തകളും
മായാത്ത മറയാത്ത ഓർമകളും
ബാല്യത്തിലെത്തിയെൻ കിനാവും
കേഴുന്നു അറിവിനായ് നാം അന്നും ഇന്നും....


## *Change, a very truth*

Time will change,
leaves will full ;
Sun will rise,
your dignity will set;
as,
your hands will grow
your innocence will die
your ears will be there
unable to hear;
eyes on the book ,
unable to look;
at, the path nearly
you' ll be alive
your heart will die
Being an emblem
your mouth will blame;
but,
hone will be cruel
as you were
when,
life will come,
to destroy itself;
time will come,
to stop itself;
when,
tides of gloom,
will stop flowers to bloom
and destiny will come,
to ruin its maker;
be careful!!
you'll not be spared
inviting the destruction;
history will repeat itself,
a future will be mad,
pages will be there,
also ink will be kept
but....
only you;ll not be there,
to write, feel and hear

Shifna sherin P.K

# കത്ത്

മനസ്സിൻ ഒരുകാറ്റിൽ ഞാൻ
ഇന്നും ഉണരുകയായ്
കടലിൻ ഒരു നാദം ഞാനിന്നും
കേൾക്കുകയായ്
മനസ്സും കടലും മറുകരകൾ
കാണാനാവാത്ത ഇരുകരകൾ
മനസ്സിനും കടലിനും ഒരുഹൃദയം
കാഴ്ചയിലില്ലാത്ത ഒരുഹൃദയം
എന്നും നിന്നു പെയ്യുന്ന പെരുമഴയിൽ
വീണലിഞ്ഞു പോവാത്ത ഒരു മനസ്സ്
കടലിന്റെ കരകൾക്കു മാത്രം



**പ്രിയ മഴയേ,**

എന്തൊക്കെ പറഞ്ഞാലും എനിക്ക് നിന്നെ ഇഷ്ടമാണ്. മാനം കറുക്കുമ്പോൾ വീടിനു വെളിയിൽ ഇറങ്ങാൻ ഉമ്മ സമ്മതിക്കില്ലല്ലോ എന്ന സങ്കടം ഉണ്ട്. അപ്പോൾ മയിലുകൾ നൃത്തമാടുന്നത് കാണാൻ എന്തു ഭംഗിയാണെന്നോ!ഞങ്ങളെ പോലുള്ള മനുഷ്യർക്കും മൃഗങ്ങൾക്കും ചെടികൾക്കുമെല്ലാം നീ ഒരനുഗ്രഹമാണ്. വേനൽച്ചൂടിന്റെ കാഠിന്യത്താൽ തളർന്ന് അവശരായിരിക്കുന്ന ഞങ്ങൾക്കെല്ലാം നീ വന്നപ്പോഴുണ്ടായ സന്തോഷമുണ്ടല്ലോ,എഴുതാൻ കഴിയുന്നതിലപ്പുറമാ.അല്ല, പിന്നെ ഒരു കാര്യം,ഇപ്രാവശ്യം നീയെന്താ വരാൻ വൈകിയത്. ഉമ്മറപ്പടിയിൽ നിന്നെയും കാത്ത് ഞങ്ങൾ എത്ര ദിവസം ഇരുന്നെന്നോ? എത്ര കാത്തിരുന്നിട്ടും നിന്നെ കാണാതായപ്പോൾ ഞങ്ങൾ വിചാരിച്ചു നിനക്ക് ഞങ്ങളോട് പിണക്കമായിരിക്കുമെന്ന്.
പക്ഷെ വൈകിയാണെങ്കിലും നീ വന്നപ്പോൾ എനിക്കും കൂട്ടുകാർക്കുമെല്ലാം സന്തോഷമായി കേട്ടോ. പിന്നെ ഇപ്പോൾ ഞങ്ങൾക്കെല്ലാം ചൂടിനെന്തൊരു ആശ്വാസമാണ്. നീ ഇല്ലാതെ ആയപ്പോഴാണ് ഞങ്ങൾ നിന്റെ വില അറിയുന്നത്. വെള്ളം കിട്ടാതെ ഞങ്ങൾ എത്ര വിഷമിച്ചെന്നോ? വില കൊടുത്ത് വരെ വെള്ളം വാങ്ങേണ്ടി വന്നു. കുളിക്കാനും കുടിക്കാനും അലക്കാനുമെല്ലാം വെള്ളം ഒപ്പിക്കാൻ ഞങ്ങൾ എത്ര ബുദ്ധിമുട്ടിയെന്നോ? ഇപ്പോൾ നീ വന്നതിനു ശേഷം എന്തു സുഖമാ! ഇതൊക്കെ ശരി തന്നെ, നീ ഇല്ലെങ്കിൽ, നീ ഒന്നു വരാൻ വൈകിയാൽ പോലും മനുഷ്യർക്കും ജീവജാലങ്ങൾക്കുമെല്ലാം സങ്കടമാവും. പക്ഷെ ഇതിനേക്കാൾ എനിക്ക് സങ്കടം വരുന്ന മറ്റൊരു കാര്യം ഉണ്ട്. നീ കുറച്ചു ശക്തിയിൽ വന്നു കഴിഞ്ഞാൽ ഭൂമിയിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രതിഭാസങ്ങൾ വർധിക്കുകയും അതൊരുപാടു പേരുടെ ജീവൻ അപഹരിക്കുകയും ചെയ്യുന്നു. നീ വരുമ്പോൾ നിന്റെ കൂടെ നിഴലെന്ന പോലെ  തോളോടു തോൾ ചേർന്നു ഒരുപാട് രോഗങ്ങളും ഞങ്ങളുടെ നാട്ടിലേക്ക് വരുന്നു. നീ കുഴികളിൽ കെട്ടി നിൽക്കുന്നത് ഒരുപാട് ജീവികൾ മുട്ടയിടാൻ ഉപയോഗപ്പെടുത്തുമ്പോൾ അത് ഡെങ്കിപ്പനിയായാലും മലമ്പനിയായാലും ചിക്കൻഗുനിയ ആയാലും ജലദോഷമായാലും എല്ലാം ഞങ്ങളിലെത്തുന്നു. ഇതിലൂടെ പലർക്കും ജീവൻ വരെ നഷ്ടപ്പെടുമ്പോൾ ഒരു പറ്റം കുടുംബങ്ങൾക്ക് അത് എന്നന്നേക്കുമായുള്ള ദുഃഖത്തിനിടയാക്കുന്നു. നിന്നെ കുറ്റം പറഞ്ഞതല്ല കേട്ടോ? അല്ലെങ്കിലും നീ പാവം തന്നെയാ, ഒരു തരത്തിൽ പറഞ്ഞാൽ ഞങ്ങൾ മനുഷ്യരുടെ പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങൾ  തന്നെയാണ് ഇതിന്റെയെല്ലാം മുഖ്യ കാരണം പ്രകൃതിയുടെ താങ്ങും തണലുമാകുന്ന മരങ്ങൾ എത്രയെണ്ണമാണ് ഓരോ ദിവസവും ഞങ്ങളെപ്പോലുള്ളവർ നശിപ്പിക്കുന്നതല്ലേ പിന്നെ നിന്നെ പഴിച്ചിട്ടെന്തു കാര്യം? എല്ലാവരും കുറെ മരങ്ങൾ വെക്കാനും റോഡിലും പറമ്പിലുമെല്ലാം വെള്ളം കെട്ടി നിൽക്കുന്ന കുഴികൾ മണ്ണിട്ട് മൂടാനും  തയ്യാറായാൽ നിന്റെ സാന്നിധ്യം ഒരാപത്തും വരുത്തില്ലെന്നെനിക്കുറപ്പുണ്ട്. പക്ഷെ, എല്ലാവരും ഇതിന് തയ്യാറാകുന്ന ഒരു കാലം വരുമോ?
അങ്ങിനെ ഒരു നല്ല കാലത്തിനായി, അതായത് സമയാസമയത്തിനു നീ വരികയും ചെടികളെല്ലാം പൂവിട്ട്, മരങ്ങളെല്ലാം പച്ച പിടിച്ച്, തോടുകളും, കുളങ്ങളും, പുഴകളുമെല്ലാം നിറഞ്ഞൊഴുകുന്ന, വെള്ളമൊന്നും കെട്ടി നിൽക്കാത്ത രോഗങ്ങളെല്ലൊം കുറഞ്ഞ, ഒരു നല്ല പ്രകൃതിക്കായി ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കാം. ഒപ്പം നീയും പ്രാർത്ഥിക്കില്ലേ. "മഴയില്ലെങ്കിൽ ജലമില്ല, ജലമില്ലെങ്കിൽ ജീവനില്ല" എന്നാണു ചൊല്ല്. അതെ ഞങ്ങൾക്ക് ജീവൻ നിലനിർത്താൻ നീ കൂടിയേ തീരൂ. അതുകൊണ്ട് നീ ഇനിയും വരണേ

എന്ന് സ്നേഹത്തോടെ

ആദില തെയ്യമ്പാട്ടിൽ
$9^{th}$ E

## അഹങ്കാരം വരുത്തിയ വിന

ഒരു കുളത്തിൽ സ്വർണ്ണ നിറമുള്ള ധാരാളം മീനുകളുണ്ടായിരുന്നു.മീനുകളെ കൂടാതെ ആ കുളത്തിൽ ഒരു ആമയും താമസിച്ചിരുന്നു. മീനുകൾ എല്ലാവരും അഹങ്കാരികളായിരുന്നു. ആമയെ അവരെന്നും കളിയാക്കുമായിരുന്നു. ആമയെ കാണാൻ രസമില്ലെന്നും കണ്ടാൽ പാറയാണെന്നും പറഞ്ഞായിരുന്നു അവർ കളിയാക്കിയിരുന്നത്.എന്നാൽ ആമ എല്ലാം കേട്ട് മിണ്ടാതെ പോകുമായിരുന്നു.

അങ്ങനെയിരിക്കെ വേനൽക്കാലം വന്നു.കുളത്തിലെ വെള്ളം കുറഞ്ഞുകൊണ്ടിരുന്നു. ഒരു ദിവസം കുറച്ച മീൻപിടുത്തക്കാർ കുളത്തിനരികിലെത്തി.വെള്ളം കുറഞ്ഞതു കാരണം സ്വർണനിറമുള്ള ധാരാളം മീനുകളെ അവർക്ക് കാണാൻ കഴിഞ്ഞു.അവർ സന്തോഷത്തോടെ വല വീശി. ധാരാളം മീനുകളെ കിട്ടുകയും ചെയ്തു. മീനുകൾക്കിടയിൽ ആമയും പെട്ടിരുന്നു. പക്ഷെ ആമ തല ഉള്ളിലേക്ക് വലിച്ചതുകൊണ്ട് അവർ ആമ കല്ലാണെന്ന് വിചാരിക്കുകയും ആമയെ പുറത്തേക്ക് എറിയുകയും ചെയ്തു. ആമ രക്ഷപ്പെട്ടു.അപ്പോഴാണ് അവൻ കുട്ടയിൽ കിടന്ന് പിടയുന്ന മീനുകളെ കണ്ടത്. അവർ ആമയെ നോക്കി കണ്ണീരോടെ പറഞ്ഞു:സൗന്ദര്യമാണ് എല്ലാമെന്ന് കരുതിയ ഞങ്ങൾക്ക് ശിക്ഷ കിട്ടി.ഞങ്ങളുടെ അഹങ്കാരം ഞങ്ങളെ അപകടത്തിൽപെടുത്തി.

ഷഹനഷെറിൻ കെ. എം
9th E

## പിരിയാത്ത സൗഹൃദബന്ധം....

ആഷിയും രാമുവും പണ്ടു മുതലേ വലിയ സുഹൃത്തുകളായിരുന്നു. ആത്മാർത്ത സുഹൃത്തുക്കൾ. ആഷിക്ക് എന്ത് കിട്ടിയാലും അത് രാമുവിനും,രാമുവിന് എന്ത് കിട്ടിയാലും അത് ആഷിക്കും ഉള്ളതായിരുന്നു.അവരുടെ ഇടയിൽ ആര് വന്നാലും ആ ബന്ധം പെട്ടെന്ന് പൊട്ടി പോവില്ല.അവരുടെ ഇടയിൽ ആർക്കും സ്ഥാനമില്ല എന്ന് വേണം പറയാൻ.ഒരു ദിവസം ആഷിയുടെ ഉമ്മക്ക് സുഖമില്ലാതെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.ഡോക്ടർ ഓപ്പേഷൻ വേണമെന്ന് പറഞ്ഞു.അവൻ ആകെ തളർന്നു.കാരണം അവന്റെ കയ്യിൽ അത്ര മാത്രം പണം ഉണ്ടായിരുന്നില്ല.ഈ വിവരം അവൻ രാമുവിനെ അറിയിച്ചു.ആഷി പറഞ്ഞു:'അത്യാവശ്യമായി എനിക്ക് പതിനായിരം രൂപ കടമായി വേണം.നിനക്ക് ഒന്നും തോന്നരുത്.അത്യാവശ്യമായത് കൊണ്ട് ചോദിച്ചതാണ്.വെറുതെ വേണ്ട കടമായി മതി.ഉമ്മക്ക് തീരെ സുഖമില്ലാത്തത് കൊണ്ടാണ് '.രാമു പറഞ്ഞു:'ഞാൻ അരമണിക്കൂറിനുള്ളിൽ വരാം'.അരമണിക്കൂറിനു ശേഷവും അവനെ കാണാത്തത് കൊണ്ട് ആഷി വിളിച്ചു.അവന്റെ ഫോൺ ഓഫായിരുന്നു.അവൻ വീണ്ടും വീണ്ടും രാമുവിന് വിളിക്കാൻ ശ്രമിച്ചു.അപ്പോഴെല്ലാം അവന്റെ ഫോൺ ഓഫായിന്നു.പൈസ ചോദിച്ചത് കൊണ്ടാവും അവൻ ഫോൺ ഓഫാക്കിയിരിക്കുന്നത് എന്ന് ആഷി കരുതി.അവൻ ആകെ തളർന്നു.അവസാനം ആഷി രാമുവിന് ഒരു SMS അയച്ചു.' നിനക്ക് എന്ത് ആവശ്യമുണ്ടെങ്കിലും എന്നെ വിളിക്കാം.ഞാൻ ഇനി ഒരു സഹായത്തിനും നിന്നെ വിളിക്കില്ല.'കുറച്ച് സമയത്തിലനു ശേഷം രാമുവിന്റെ വിളി വന്നു.'ഇതാ വന്നു കൊണ്ടിരിക്കുകയാണ്.ഞാൻ എവിടേക്കാണ് വരേണ്ടത്'?.ഇതിനിടയിലാണ് രാമുവിന് ആഷി അയച്ച SMS കാണുന്നത്.അത് വായിച്ച ശേഷം അവൻ ആഷിയോട് പറഞ്ഞു:'പണം ചോദിച്ചത് കൊണ്ടല്ല ഞാൻ ഫോൺ ഓഫാക്കിയത്.ഒരു വഴിയും കാണാത്തത് കൊണ്ട് എന്റെ ഫോൺ വിറ്റ് പണം ഒപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഫോൺ ഓഫാക്കിയത്.നിനക്ക് വേണ്ട പണം മാറ്റി വെച്ച് ഒരു ചെറിയ ഫോൺ വാങ്ങിയാണ് ഞാനിപ്പോൾ വിളിക്കുന്നത് '.അങ്ങനെ രാമു ആശുപത്രിയിൽ എത്തി.ഓപ്പറേഷൻ കഴിഞ്ഞു.ഉമ്മക്ക് സുഖമായി.അവർ പരസ്പരം കെട്ടിപ്പിടിച്ചു.ചിലബന്ധങ്ങൾ അങ്ങനെയാണ്.നമ്മൾ കരുതുന്നതിലും അപ്പുറമാണ്.നമ്മൾ ക്ക് ഒരിക്കലും ആബന്ധങ്ങളുടെ ആഴം അളക്കാൻ കഴിയില്ല.കാരണം അത് നമ്മൾ കരുതുന്നതിലും അപ്പുറത്താണ്.അങ്ങനെയുള്ള ബന്ധങ്ങളെ നഷ്ടപ്പെടുത്താതിരിക്കുക.

SHAMSEENA THESNEEM.A.K

# ആയിഷയും പുള്ളിക്കോഴിയും

കോഴിയിറച്ചിക്ക് പകരം ഇറച്ചിക്കോഴി വ്യാപകമായതോടെ ഒരു വളർത്തുക്കോഴിയെ സ്വന്തമാക്കണമെന്ന ആഗ്രഹം ആയിഷയിൽ ഉദിച്ചത്.അടുക്കളയിലെ ഉരലും ചിരട്ടക്കൈലും നാടുനീങ്ങിയതു പോലെ നാടൻകോഴികളും വീടുകളിൽ നിന്ന് പടിയിറങ്ങുന്ന കാഴ്ച്ച ആയിഷയെനൊമ്പരപ്പെടുത്തി. അതിനിടയിലാണ് ഒരു കോഴിക്കച്ചവടക്കാരൻ അതുവഴി വന്നത്. ഏറെ നേരം വിലപേശിയാണ് ഒരു സുന്ദരിയായ കോഴിക്കുട്ടിയെ മുപ്പതുരൂപക്ക് ആയിഷക്ക് സ്വന്തമാക്കാനായത്.അതുവരെ കോഴികളില്ലാതിരുന്ന ആയിഷയുടെ വീട്ടിൽ ഒരു കോഴിക്കൂടുമില്ലായിരുന്നു.കോഴിക്ക് അന്തിയുറങ്ങാനായി ആയിഷ ഒരു കോഴിക്കൂടും തരപ്പെടുത്തി.

വീട്ടിലെ ബാക്കിവരുന്ന ചോറും മറ്റും കൊത്തിത്തിന്ന് കോഴി തടിച്ചുകൊഴുത്ത് വലുതായി.ദിവസങ്ങൾ പിന്നിട്ടപ്പോൾ കോഴി മുട്ടയിടാൻ തുടങ്ങി.ഓരോ ദിവസം കിട്ടുന്ന മുട്ട സൂക്ഷിച്ചുവെക്കാനും ആയിഷ സമയം കണ്ടെത്തി.പതിനൊന്നാമത്തെ മുട്ടയിട്ട കോഴി പിന്നെ കൂടുവിട്ട് പുറത്തുപോയില്ല.പിറ്റേ ദിവസം കരുതിവെച്ച മുട്ടകൾ ആയിഷ കോഴിക്ക് അടവെച്ചു.ഇരുപത്തൊന്നാമത്തെ ദിവസം മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങളുമായി കോഴി പുറത്തിറങ്ങി.

ആഴ്ച്ചകൾ കഴിഞ്ഞ് കുഞ്ഞുങ്ങളെ റാഞ്ചാൻ കാക്കകളെയും പരുന്തുകളെയും കോഴി ഓടിച്ചു.ഒരു മാസത്തിന് ശേഷം കുറ്റിക്കാട്ടിൽ ഒളിച്ചിരുന്ന ദുഷ്ടനായ ഒരു കീരി ഭംഗിയുള്ള കോഴിക്കുഞ്ഞിനെ കടിച്ചെടുത്ത് കൊണ്ടുപോയി.ഉച്ചത്തിൽ കരഞ്ഞ് തള്ളക്കോഴി കീരിയെ പിന്തുടർന്ന് കീരിയുടെ വാലിന് കൊത്തിവലിച്ചു.എന്നാൽ ശക്തനായ കീരി കോഴിക്കുഞ്ഞിനെ പിടിവിടാതെ മാളത്തിലേക്ക് വലിഞ്ഞു.ഏറെ നേരം മാളത്തിന് ചുറ്റും കൊക്കിപ്പാറുകയും ചെയ്തു. കരഞ്ഞു കരഞ്ഞു കലങ്ങിയ കണ്ണുകളുമായി പുള്ളിക്കോഴി ബാക്കിയുള്ള കുഞ്ഞുങ്ങളുടെ അടുത്തേക്ക് മടങ്ങി വന്നു.വീട്ടിലെത്തിയപ്പോൾ ആയിഷ കുഞ്ഞുങ്ങളെ എണ്ണിനോക്കി.പത്തെണ്ണമേ ബാക്കിയുള്ളൂ.ഒരു കുഞ്ഞിനെ നഷ്ടപ്പെട്ട കോഴി അന്ന് അരിയും ഒന്നും തിന്നില്ല.അന്നുമുഴുവൻ കരഞ്ഞു.കോഴിയുടെ വേദനയിൽ ആയിഷയും ദുഃഖിച്ചു.

ആഴ്ച്ചകളോളം ഭക്ഷണം ഉപേക്ഷിച്ച് അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിച്ച് കാക്കകളിൽ നിന്നും പരുന്തുകളിൽ നിന്നും കുഞ്ഞുങ്ങളെ രക്ഷിക്കുന്ന തള്ളക്കോഴിയുടെ മാതൃത്വം ആയിഷയെ അൽപ്പനേരത്തേക്ക് ചിന്തയിലാഴ്ത്തി.കഷ്ടപ്പെട്ട് വളർത്തിയുണ്ടാക്കിയ മക്കളെക്കൊണ്ട് ഭാവിയിൽ യാതൊരുവിധ ഉപകാരവും ഇല്ലെന്നറിഞ്ഞിട്ടും മക്കൾക്കുവേണ്ടി കഷ്ടപ്പെടുന്ന പാവം തള്ളക്കോഴി.

വിവേകവും ബുദ്ധിയുമുള്ള മനുഷ്യൻ മാതൃത്വത്തിന്റെ വില പൂർണമായി ഉൾക്കൊണ്ടിരുന്നുവെങ്കിൽ ഈ മണ്ണിൽ വൃദ്ധസദനങ്ങൾ ഉയരുമായിരുന്നില്ല. ചിന്തയിൽ നിന്നും ഉണർന്ന ആയിഷ കോഴികളെ എണ്ണിനോക്കി.തള്ളയടക്കം പതിനൊന്നെണ്ണം ഉണ്ടെന്ന് ഉറപ്പുവരുത്തി അവയെ കൂട്ടിലാക്കി ആയിഷ കതകടച്ച് വീട്ടിൽ കയറി മഗ്രിബ് നമസ്കാരത്തിന് പോയി.

റിസ്വാന നസ്രിൻ പി
9th E

## മരണം...

പറയില്ല കാണില്ല ചോദ്യമില്ല
മരണം രുചിക്കാത്ത ദേഹമില്ല
ഈ ഭൂമിയിൽ നാം പിറന്നുവെങ്കിൽ
മരണമില്ലാതെ മടക്കമില്ല
വർഗവിത്യാസമോ ജാതിഭേദങ്ങളോ
മരണത്തിനൊന്നുമേ പ്രശ്നമല്ല
അവധി കൊടുക്കില്ല അനുസരണ കാട്ടില്ല
സമയമായെന്ന് അറിയുകയുമില്ല
എവിടെയെന്നില്ല എപ്പോഴെന്നില്ല
എങ്ങനെ ആണെന്ന് അറിയുകില്ല
ആൾക്കൂട്ടമുണ്ടേലും ആർഭാടമുണ്ടേലും
മരണം വിളിച്ചുവോ പോകവേണം
ഓരോ നിമിഷം കടന്ന് പോകുമ്പോഴും
മരണത്തിലേക്ക് നാം നീങ്ങീടുന്നു.......
മതി മറന്നുള്ള സുഖങ്ങൾ നിർത്തൂ..
മരണത്തിലേക്ക് ചിരിച്ചടുക്കൂ.........

AISHVARYA

## ഞാൻ

പിറന്നു വീണതാണത്രെ
ഒരമ്മതൻ നോവിൽ നിന്നു ഞാൻ
സ്വാദുള്ളൊരു മൂല്യ സത്തായിരുന്നവത്രെ
അന്നെന്റെ അന്നം
നീന്തികളിച്ചത് വെള്ളത്തിലല്ലത്രെ
വിരിച്ച മെത്തയിലാണു പോലും
കളങ്കത്തിൻ പാടില്ലാത്തവൻ
മനസ്സിനുടമയത്രെ അന്നു ഞാൻ
അമ്മതൻ സ്നേഹത്തിൻ വർണ്ണമുള്ളതത്രെ
അന്ന് ഞാൻ ചൂടിയ കിരീടം
അവർതൻ മടിതട്ടത്രെ
അന്നെൻ സിംഹാസനം
കഥയല്ലിതന്റെ കാലമാണ്
ഞാൻ എന്ന രണ്ടക്ഷരത്തിനുള്ളിൽ
കാലമെന്ന ഒരായിരം കഥകളുണ്ട് അറിയുക

RANIYA.P

## WE BEGIN

We begin not by wanting to exist,
but by chance.
A complex dance of nature.
Natured take your
talk of fate and seek to make
more of your twin
learn what makes you tick
because you don't have a stick
with what is presented;
pretending its your thing when its not.
You have got the power and its within you.
So begin
win your own definition to success
and don't settle for less, as giving up
only means you ensure that it will never happen.
Break the pattern.
If chance brought you here, you have nothing to fear by beginning

**nasiha . c**

## *I WANDERED LONELY AS A CLOUD...*

I wanted lonely as a cloud
That's floats on high o'er vales and hills,
When all at ones I saw a crowd
A host, of golden daffodils;
beside the lake,beneath the trees
fluttering and dancing in the breeze

Continues as the stars that shine
and twinkle on the milky way
they stretched in never-ending line
along the margin of the bay
in ten thousand saw I at a glance
tossing their heads in sprightly dance

Ridha . A

## MY SCHOOL....

The heaven on the earth
with full of happiness....
campus, the symbol of love and friendship...
friends, like of a tree
And like a mirror......
we can see our face
in their eyes.
Teachers , they are the visual Gods
and real guide of my life .
They fights the .....
They laugh , the golden times of life
The school monument of friendship
This jolly life will never return .

Sana fathima .U
9-B

## ധരണി

നശ്വര  യവനിക തൻ രോദനം
കേൾകേ ഉച്ചരസ്ഥയിയിൽ
നിദ്രയിലാണ്ട വിൺ മകൾ
ഞെട്ടിത്തരിച്ചുണർന്നതിൽ പിന്നെ
വിതുമ്പിക്കരഞ്ഞു
ആ  കണ്ണുനീർതുള്ളി
സൂചിയായി മരതകചേല
നെയ്യതിൻ രഹസ്യമാണിന്നനാം
കാണുന്ന ധരണി......

കീർത്തന.സി

## പൂമരം...

ആകാശം നോക്കി നിൽക്കേ..
ഒരിക്കൽ ആ വൃക്ഷം മാഞ്ഞു പോയി..
തണലും കായ്കളും തന്ന ആ,
പൂമരം ഒരിക്കൽ കരഞ്ഞു..
കലങ്ങിയ കണ്ണുമായി ,
എന്നോട് സങ്കടങ്ങൾ...
പറയുന്നു പൂമരങ്ങൾ..
ഞാൻ വളർത്തിയ പൂമരം..
എന്നെ ഞാനാക്കിയ പൂമരം..
മാഞ്ഞു പോയി മാഞ്ഞു പോയി..........

നീതു A.P.....

www.fppt.info

**പൂന്തോടത്തിലെ വർണ്ണങ്ങൾ**

മനുഷ്യർ കാഴ്ചക്ക് ഒരുപോലെയാണോ ?
അല്ല.
പല രൂപത്തിലും പല ഭാവത്തിലും
മനുഷ്യരെ കാണാം .
പല ഭാഷ സംസാരിക്കുന്നവർ,
പല വേഷം ധരിക്കുന്നവർ ,
പലതരം ഭക്ഷണം കഴിക്കുന്നവർ
എങ്കിലും അവരൊക്കെ മനുഷ്യരാണ്

വ്യത്യാസങ്ങളൊക്കെ പുറമെയുള്ളതാണ് .
മനുഷ്യർ തുല്യരാണ്.....

Ramsheena.E

## *മനസ്സിൽ വിടരുന്ന ഓണം*

**ഓണമനസ്സിൻ പൂവിൽ നിറയെ**
**പൂക്കളമാണല്ലോ**
**എന്നുടെ മനസ്സിൻ ആശകളെല്ലാം**
**ആയിരമാണല്ലോ**
**പൂവിനെ അറിയാൻ പൂക്കളമറിയാൻ**
**ഓണം വരവായി**
**ഓണക്കോടികൾ എന്നുടെ മനസ്സിൻ**
**പുഞ്ചിരിയാകുന്ന**
**പൂവുകളാണേ മധുരം നിറയും**
**പൂമ്പൊടി നൽകുന്ന**
**പാട്ടുകളാണേ കടലിൻ തിരകളെ**
**കുളിരായ് തഴുകുന്ന**

-sreehari kp

## എന്റെ സൗഹൃദം

അന്ന് ഞാൻ കണ്ടു,ആകാശത്ത്
ഏഴ് നിറമുള്ള മഴവില്ല്
ആ നിറങ്ങാളാണോ ഇന്നെൻ മനസ്സിൽ
സൗഹൃദത്തിൻ പ്രകാശം

ആകാശമെന്ന പള്ളിക്കൂടത്തിലാകുന്ന
ആ സൗഹൃദ തുടക്കം
മുത്തുകൾ പോലുള്ള കൂട്ടുകാർ ഞങ്ങൾ
കൈകോർത്ത് കൈകോർത്ത്എന്നും

ഭൂമിയുടെ ഈ ഹരിത തീരത്ത്
വന്ന് ചേർന്ന സുഹൃത്തേ...
പരസ്പരം അറിയുന്ന മനസ്സിലാകുന്ന
ബന്ധമാണ് സൗഹൃദം...........

### *കരയില്ലാത്ത ഓർമ*

കരയില്ലാത്തൊരു ഓർമകളെ ഞാൻ
കരയാതെ കനവിൽ കുളിരാകുന്ന
ആ ഓർമകൾ കാരണം എൻ ജീവനിൽ
പുതുവഴി തിരഞ്ഞലയില്ല ഞാൻ
പുതുനിമിഷങ്ങളോർത്തു ഞാനീവഴിയിൽ
കരകവിഞ്ഞൊഴുകുകയായ്
അന്നൊരു വാനത്തിൽ നീ
ഒരു പൊൻവിളക്കായിരുന്ന
ഒരിക്കലും അണയാത്ത എൻ മനസ്സിലെ
വിളക്കിൽ പതിയെ വെളിച്ചം കുറഞ്ഞു വന്ന

നീയില്ലാത്തൊരു വിളക്കിൽ
ഞാൻ ഒഴിക്കുന്ന എണ്ണ എന്തിനാണ്
എൻ മനപ്രകാശത്തിന്റെ പകുതിയും നീ
പറിച്ചെടുത്തന്ന പോയി
ഇന്ന് അതുകടന്ന് ഇവിടെ
ഒഴുകിക്കൊണ്ടെത്തി ഞാൻ
മനപ്രകാശവും വീണ്ടെടുത്ത്
മറക്കില്ല ഞാനീ മരണം വരെ
നിൻ മുഖമെന്ന ആ വഴിയെ

- ശ്യാം കൃഷ്ണ .c.p

story

# THE TRUTHFUL PARROT

*Once a man had a parrot which was both intelligent and pretty.The parrot loved to talk a lot but it never lied.So it was called the truthful parrot.*

*One day,the owner of the parrot,came home with a fat chicken.He called out to his wife.*

*''Dear wife ,please prepare your special chicken curry with this .when i come home,we will have it. If I am late, you can eat half and keep the rest for me.''*

*But the wife ,who happened to be a greedy glutton ,finished the whole chicken curry.When the husband came home,she lied that the other half which was kept aside,was eaten up by a cat.But the parrot who was a witness to all,revealed what had actually happened.The man became angry and scolded his wife for telling a lie.After this incident the parrot was considered an enemy by the wife who wished to get rid of it.She pleaded with her husbant to sell it.At last the man had to yield to his wife's request.He took the parrot to the king's palace.*

*''How much do you want for this parrot?''asked the king.*

*''Thousand gold coins''.It was the parrot that answered the king was quite pleased.He decided to buy the parrot which spoke exactly like humans.*

*The parrot was kept in a silver cage and gifted to the queens in the palace.Soon it became the darling of the queens and began leading a comfortable life.*

*One day,there arose a quarrel among the queens as to who was the most beautiful among them .they decided to present the matter to the parrot.The parrot replied that all the qweens except the maharani were extremely beautiful.Hearing this ,the maharani became very angry.she decided to take revenge on the parrot.so,she told the king to kill the parrot.The king had no other choice but to obey the wish of the Maharani.The parrot was unhappy.But it pleaded: ''oh king! I have a humble request.Before killing me,I beg you to give me six days of freedom.I promise to come back on the sixth day''.*

*The king had great faith in the parrot and so he readily agreed.*

*Leaving the royal palace which would soon become it's tomb,The parrot flew in the direction of an island.This was an island where thousand of birds lived.The birds welcomed their newly arrived guest and the parrot was happy in their company.The birds told the parrot about princess who was extremely beautiful and intelligent.Moreover, she loved birds and took good care of them.The parrot decided to visit that beautiful princess.The parrot reached the palace and soon became close to the princess.The parrot was given the sweetest and ripest fruits and made comfortable.The parrot was very happy with her.But on the sixth day the parrot told the princess:''My dear princess,it is time for me to leave you''.I have to return to the king's palace.I'll never forget you''.With a heavy heart,the princess bid fare well to the parrot.*

*On reaching the king's palace,the parrot narrated the whole story.Parrot asked the king to marry the beautiful princess and make her his Maharani.The king too had heard stories about the charming princess.So he accepted the suggestion of the parrot.Married the young princess and soon she became the Maharani.The king was extremely happy and as a reward.The parrot was granted freedom.The parrot,who never told a lie was thus able to save it's life and gain freedom.*

*shifana c k*
*9th E*

One dollar and eighty-seven cents. That was all. And sixty cents of it was in pennies. Pennies saved one and two at a time by buldozzing the grocer and the vegetable man and the butcher until once checks burned with the silent imputation of parsimony that such close dealing implied .Three times Della count it .One dollar eighty seven cents and the next day would be christmas.

There was clearly nothing to do but flop down on the shabby little couch and howl. So,Della did it. Which instigates the moral reflection that life is made up of soaps,sniffles and smiles, with sniffles predomination.

While the mistress of the home is gradually subsiding little couch first stage to the second, take a look at the home. A finished flat at $8 per weak. It didn't exactly beggar description, but it certainly had that word on the look out for the mendicancy squad.

In the vestible below was a letter-box into which no letter would go, and an electric button from no mortal finger could coax a ring. Also appertaining thereunto was a card bearing the name "Mr.James Dillingham young."

Now there were two possessions of the James Dillingham young,s in which they both took a mighty pride. One was Jim's gold watch that had been his father's and his grandfather's. The other was Della's hair. Had the queen of Sheba lived in the flat across the airshaft, Della would let her hair hang out the window someday to dry just to depreciate her majesty's jewels and gifts. Had king solomon been the Janitor, with all his treasures piled up in the basement, Jim would have pulled out his watch every time he passed, just to see him pluck at his beard from envy.

So now Della's beautiful hair fell about her rippling and shining like a cascade of brown waters. It reached below her knee and made itself almost a garment for her. And then she did it up again nervously and quickly. Ones she faltered for a minute and stood still while a tear or two splashed on the worn red carpet.

On went her old brown jacket; on went her old brown that. With a whirl of skirts and with the brilliant sparkles still in her eyes, she fluttered out the dog and down the stairs to the street.

Where she stopped the sign read: "Mme Sofronie. Hair goods of all kind."One flight up Della ran, and collected herself, painting. Madame, large, too white, chilly, hardly looked the "Safronie."

"Will you buy my hair" asked Della. "I buy hair," said madame. "take yet hat off and lets have a sight at the looks of it."

Down rippled the brown cascade.

Faiha kareem

# RIDDLES

1. I am full of holes; I can hold water.
2. What gets when drying?
3. What has 2 hands and a face, but no arms and legs?
4. What can't be used until it is broken?
5. Has 4 legs, but only 1 foot. Who am I?
6. Has many keys but can't open any doors. Who am I?
7. I am a fruit, I am red, there are millions in me. Who am I?
8. I have a bell and a things. I may be long, I may be short. My wheels rolls o0nly on rails. Who am I?
9. Always falls without getting hurt. Who am I?
10. I have 4 wheels, I am very specious, people loves me and use me for everything. I love to go on vacation. Who am I?
11. Has a neck, but no head. Who am I?
12. What ship has 2 mates, but no captain?
13. What is so delicate that saying its name break it?
14. What goes up but never goes down?
15. what is the last thing you take off before bed?
16. Has 4 legs but it can't walk. Who am I?
17. I am taken from a mine and shut up in wooden case, from which I am released, and yet I am used by almost everybody. What am I?
18. What is put on table and cut but it never eaten?

## Answers

1. Sponge
2. Towel
3. Clock
4. Egg
5. Bed
6. Piano

7.Pomegranate
8.Bicycle
9.Rain
10.Aeroplane
11.Bottle
12.Relationship

13.Silence
14.Your age
15.Your feet your floor
16.Table
17.Your name
18.Eaten

# TEAR OF KERALA

People visited me when they wanted to -
explore .
I embraced and loved them from-
my heart core.

I showed them how diverse my land is,
and they were awestruck to gaze-
at my nature bliss.

For my beauty and my-
tholagical history.
They gave me the little of "God's own-
country."

I was so happy and content in my -
own... little state.
That I forgot what a havoc, the nature-
can create.

I am struck with such a fatal calamity ,
Yet I am helpless against this natures
adversity.

I see my children in great grief
Yet I cannot do anything to -
make them feel relived .

My serene beauty and my glory is -
snatched from me,
This disaster has taken my soul
away from me.

Humans aren't the only ones suffering -
here ,
The animals , the birds ,everyone is living
in fear .

People have lost their life giving things .
This is the worst disaster any state-
has ever been in.

Not for the display of nationality,
But just for the sake of humanity .

Help me and my people
To cope up and get through this calamity .

Dilna parvin K
**9-B**

## ഓർമകൾ കാണുന്ന കനലിന്റെ കിനാവ്

ഓർമകൾ കാണുന്ന കനലിൻ കിനാവുകൾ
വെറുതെ എൻ ശലഭത്തെ വന്നു തൊട്ടു
പറയാതെ വന്നൊരു കനലിന്റെ ഓർമകൾ
ശലഭത്തിന്റെ ജീവിതമാകെമാറ്റി
ഈ ജീവനില്ലാതെ ഭൂമിയിൽ ജീവിക്കാൻ
എന്തിനു ഭാഗ്യം എനിക്കു മാത്രം.....

ശ്യാം കൃഷ്ണ- സി.പി


## കാലം...

പൊഴിഞ്ഞു വീഴുന്ന ഇലകളെ പോൽ
ദിനങ്ങളോരോന്നും നീങ്ങിടുന്നു
എത്ര ദിനങ്ങൾ അകന്നു നമ്മിൽ
എത്ര ദിനങ്ങൾ വരുന്നു നമ്മിൽ
യൗവ്വനം നമ്മെ തലോടിപ്പോകും
വാർധക്യം നമ്മോട് കൂട്ട് കൂടും
ആഹ്ലാദം കൊണ്ടീ ദിനങ്ങളോരോന്നും
എങ്ങോ പോയി മറഞ്ഞീടുന്നു

പോയ ദിനങ്ങൾ പിന്നെത്തുകില്ല
പിന്നോട്ട് നോക്കാൻ കഴിവുമില്ല
കാലങ്ങളോരോന്നും പിന്നിടുമ്പോൾ
മാറുന്ന ലോകത്തിൻ കാൽപ്പാടുകൾ..
....................


KRISHNA PRIYA .T











വരകൾ... ചിത്രങ്ങൾ







വരകൾ... ചിത്രങ്ങൾ



വരകൾ... ചിത്രങ്ങൾ




വരകൾ... ചിത്രങ്ങൾ

